# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാലിമിറ്റഡ്

**രജി.ഓഫീസ് - കോട്ടയം - 686004**

**റൂട്ട് ട്രൈനെർ റബ്ബർ തൈകളുടെ മുദ്രവെച്ച ദർഘാസ്സ് / ഇ- ടെണ്ടർ കം ഇ- ഓക്ഷൻ വ്യവസ്ഥകൾ**

**No.PSE/2026/4595** **22.01.2026**

പ്ലാന്റേഷൻ കോർപ്പറേഷന്റെ **അതിരപ്പള്ളി** എസ്റ്റേറ്റിലെ നിശ്ചിത പ്രദേശങ്ങളിൽ ഏകദേശം 63340എണ്ണം RRII-430 റൂട്ട് ട്രെയിനർ തൈകൾ 2026 മെയ്, ജൂൺ മാസം മുതൽ നട്ടുവാൻ വേണ്ടി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യമുണ്ട്. താല്പര്യമുള്ളവർക്ക് (***http://etenders.kerala.gov.in***) എന്ന വെബ്സൈറ്റ് വഴി ഓൺലൈനായോ അല്ലെങ്കിൽ മുദ്രവെച്ച ദർഘാസുകൾ മുഖേനയോ പങ്കെടുക്കാവുന്നതാണ്. ഇ- ടെണ്ടറിൽ പങ്കെടുത്ത യോഗ്യരായ കക്ഷികൾക്ക് ഇ- ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണ്. രേഖപ്പെടുത്തുന്ന ആകെ തുകയുടെ 1% നിരതദ്രവ്യമായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ മാറാവുന്ന തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി ടെൻണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

വിതരണം ചെയ്യേണ്ട തൈകളുടെ എണ്ണവും, **ആവശ്യമായ ക്ളോണുകളും** ചുവടെ ചേർക്കുന്നു

| **എസ്റ്റേറ്റ്** | **ജില്ല** | **ആവശ്യമുള്ള റൂട്ട് ട്രെയിനർ തൈകളുടെ ഏകദേശം എണ്ണം** | **ആവശ്യമുള്ള ക്ളോൺ** |
|---|---|---|---|
| **അതിരപ്പള്ളി എസ്റ്റേറ്റ് കാലടി പ്ലാന്റേഷൻ പി ഓ, ആലുവ (വഴി), എറണാകുളം- 683 581** | **എറണാകുളം** | 63340 | RRII 430 |

വ്യവസ്ഥകൾ

1. ആർ.ആർ.ഐ 430 ഇനങ്ങളുടെ ഗുണമേന്മയുള്ള റൂട്ട് ട്രെയ്നർ തൈകൾ ആണ് ആവശ്യമുള്ളത്. ഓരോ എസ്റ്റേറ്റിനും പ്രത്യേകം ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്. ഗുണനിലവാരമില്ലാത്ത തൈകൾ തിരസ്കരിക്കുന്നതാണ്.

2. **ടെണ്ടറിൽ ഒരു റൂട്ട് ട്രെയിനർ റബ്ബർ തൈ എസ്റ്റേറ്റുകളിൽ എത്തിച്ച് നൽകുന്നതിനുള്ള കപ്പിന്റെ വില കിഴിച്ചുള്ള അന്തിമനിരക്കാണ് ഏറ്റവും കുറഞ്ഞ തുകയായി രേഖപ്പെടുത്തേണ്ടത്.** കരാറുകാരന് റൂട്ട് ട്രെയിനർ തൈകളുടെ കപ്പുകൾ തൈ നടീൽ കഴിഞ്ഞ് 30 ദീവസത്തിനകം സ്വന്തം ചിലവിൽ തിരികെ കൊണ്ടുപോകാവുന്നതാണ്.

3. ടെണ്ടർ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിനുള്ള വിവേചന അധികാരം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ പൂർണ്ണമായി നിക്ഷിപ്തമായിരിക്കുന്നതും, ഇത്തരം സന്ദർഭങ്ങളിൽ കരാറുകാരന് നഷ്ടപരിഹാരങ്ങൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. കരാറുറപ്പിക്കുന്നതിന് മുമ്പായി മാനേജിംഗ് ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു വിദഗ്ധ സമിതി തൈകളുടെ ഗുണനിലവാരം പരിശോധിക്കുന്നതും യോഗ്യരായ നേഴ്സറികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതുമാണ്.

4. ഇ- ദർഘാസ്/ഓക്ഷനിലും മുദ്രവെച്ച ദർഘാസിലും ഒരേ കരാറുകാരൻ പങ്കെടുക്കുന്ന പക്ഷം, രണ്ടു ടെണ്ടറുകളിലും വെച്ച് രേഖപ്പെടുത്തിയ കുറഞ്ഞ നിരക്ക് ആയിരിക്കും കോർപ്പേറഷൻ അംഗീകരിക്കുന്നത്.

5. കരാറുകാരൻ പർച്ചേയ്സ് ഓർഡറിൽ പറഞ്ഞിരിക്കുന്ന തീയ്യതിക്കുള്ളിൽ (ഷെഡ്യൂൾ അനുസരിച്ച്) തൈകൾ എസ്റ്റേറ്റിൽ എത്തിച്ചുനൽകേണ്ടതാണ്. കരാർ വ്യവസ്ഥകളിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുകയും, കോർപ്പറേഷന് വരുന്ന എല്ലാ കഷ്ട നഷ്ടങ്ങളും ഈടാക്കുകയും, കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യും.

6. ടെണ്ടർ സംബന്ധിച്ച എന്തെങ്കിലും തർക്കങ്ങൾ/വ്യവഹാരങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയതിന്റെ നിയമ നടപടികൾക്കുള്ള പരിധി കോട്ടയത്തുള്ള കോടതികൾ ആയിരിക്കും.

7. ദർഘാസുകൾ ബാധകമായിട്ടുള്ള നികുതി കിഴിവ് സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ബാധകമാണ്.

8. ടെണ്ടർ അംഗീകരിച്ചുകൊണ്ട് കരാറുകാരൻ അറിയിപ്പ് നൽകുന്നതും, അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കകം കരാറുകാരൻ 200/- രൂപ മുദ്രപ്പത്രത്തിൽ ഇതിലേക്കായി ഒരു കരാർ കോർപ്പേറേഷനുമായി വെയ്ക്കേണ്ടതും കരാറിന്റെ മൊത്തം തുകയുടെ 5% വരുന്ന തുക (EMDതുക അടക്കം) സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതാണ്.

9. എസ്റ്റേറ്റിൽ ലഭ്യമാകുന്ന തൈകളുടെ ഗുണ നിലവാരം ബോദ്ധ്യപ്പെട്ട പേയ്മെന്റ് നൽകുന്നതാണ്. കരാറുകാരൻ ഒറിജിനൽ ഇൻവോയ്സ് എസ്റ്റേറ്റിൽ തൈകൾ വിതരണം ചെയ്യുന്ന സമയത്ത് നൽകേണ്ടതും കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള ഗുണനിലവാരമുള്ള തൈകളുടെ എണ്ണം കൃത്യതയോടെ കക്ഷികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

10. നിരക്ക് അംഗീകരിക്കാത്ത കരാറുകാരുടെ E.M.D. കരാറിന്മേൽ അന്തിമ തീരുമാനമെടുത്ത ശേഷം 30 ദിവസത്തിനകം കരാറുകാരന്റെ അപേക്ഷയിന്മേൽ തിരികെ നൽകുന്നതാണ്. E.M.D./സെക്യൂരിറ്റി എന്നീ തുകയ്ക്ക് പലിശ നൽകുന്നതല്ല.

11. കരാറുകാരന്റെ സെക്യൂരിറ്റി തുക കരാർ കാലാവധി കഴിഞ്ഞ് തിരികെ നൽകുന്നതാണ്.

12. ടെണ്ടർ ഫോറത്തിന് 6726/- രൂപ (നികുതിയടക്കം) ഓൺലൈനായി ടെണ്ടർ സമർപ്പിക്കുന്ന സമയത്ത് അടയ്ക്കേണ്ടതും, മുദ്രവച്ച ദർഘാസുകൾ മുഖേന ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ ഫോറത്തിന്റെ വില നേരിട്ടോ പ്ലാന്റേഷൻ കോർപ്പറേഷന്റെ പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ്/R.T.G.S. മുഖേന അടക്കേണ്ടതും, അല്ലാതുള്ള ടെണ്ടറുകൾ നിരസിക്കുന്നതുമായിരിക്കും.
13. ടെണ്ടർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെണ്ടർ നടത്താൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെണ്ടർ നടത്തുന്നതായിരിക്കും.
14. ഇ- ടെണ്ടറുകൾ/ മുദ്രവെച്ച ദർഘാസുകൾ സമർപ്പിക്കുന്നുള്ള അവസാന ദിവസം 12.02.2026, 11.30 am ആണ്.

15. ടെണ്ടറിൽ യോഗ്യനായ കരാറുകാരൻ തൈകൾ വിതരണ ഉത്തരവ് ലഭിച്ചശേഷം സമയബന്ധിതമായി നടീലിന് ആവശ്യമായ എണ്ണം റബ്ബർ തൈകൾ യഥാസമയം വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, മറ്റ് കക്ഷികളിൽ നിന്നും ആദ്യകക്ഷിയുടെ നഷ്ടോത്തരവാദിത്വത്തിൽ ആവശ്യാനുസരണം വാങ്ങുന്നതിനുള്ള ഉത്തരവ് നൽകുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

16. തൈകളുടെ വിതരണത്തിനായി തിരഞ്ഞെടുക്കപ്പെട്ട കരാറുകാരുടെ കൈവശം കൂടുതൽ തൈകൾ മറ്റ് എസ്റ്റേറ്റുകളിലേയ്ക്ക് വിതരണത്തിനായി ഉണ്ടാകുന്ന പക്ഷം, ടി എസ്റ്റേറ്റുകളിലേയ്ക്ക് ലഭിച്ച നിരക്കുകളേക്കാൾ കുറവാണെങ്കിൽ

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനിൽ നിന്നും ആവശ്യമെങ്കിൽ ഗുണ നിലവാരമുള്ള തൈകൾ മറ്റ് എസ്റ്റേറ്റുകളിലേയ്ക്ക് വാങ്ങാൻ കോർപ്പറേഷന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

17. ഇ- ഓക്ഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ കക്ഷികളിൽ നിന്ന് ലഭിച്ച സീൽഡ് ടെണ്ടറുകൾ ദർഘാസുകൾ സമർപ്പിക്കേണ്ട അവസാനദിവസം സന്നിഹിതരായിട്ടുള്ള കക്ഷികളുടെ സാന്നിധ്യത്തിൽ സീൽ ചെയ്ത് സുരക്ഷിതമായി സൂക്ഷിക്കുന്നതും, ഇ- ടെണ്ടറുകളും സീൽഡ് ടെണ്ടറുകളും തുറക്കുന്ന സമയവും സ്ഥലവും കക്ഷികളെ മുൻകൂട്ടി അറിയിക്കുന്നതാമാണ്. എല്ലാ തോട്ടങ്ങളുടേയും ഇ- ഓക്ഷന് ശേഷം ഫിനാൻഷ്യൽ ബിഡും മുദ്രവച്ച ദർഘാസുകളുടെ വിലകൾ രേഖപ്പെടുത്തുന്ന സീൽഡ് കവർ II എന്നിവ അപ്പോൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

18. ഇ-ടെണ്ടർ/സീൽഡ് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയ്ക്ക് ശേഷം, തൈകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് വേണ്ടി കോർപ്പറേഷൻ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ കമ്മറ്റി സീൽഡ് ടെണ്ടർ/ഇ- ടെണ്ടർ നൽകിയിട്ടുള്ള കക്ഷികൾക്ക് മുൻകൂർ അറിയിപ്പ് നൽകി, ടി കക്ഷികളുടെ നേഴ്സറികൾ നേരിട്ടെത്തി പരിശോധിക്കുന്നതും, തൈകളുടെ ഗുണനിലവാരം, തൈകളുടെ ലഭ്യത എന്നീവ ബോധ്യപ്പെടുന്നതും ആണ്. അതിന് ശേഷം ടി കമ്മറ്റി സമർപ്പിച്ചിട്ടുള്ള ടെക്നിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടറിലൂടെ തൈകൾ വാഗ്ദാനം ചെയ്ത യോഗ്യരായ കക്ഷികൾക്ക് ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് മുൻകൂർ അറിയിപ്പ് നൽകി അനുവദിക്കുന്നതാണ്. ടെക്നിക്കൽ കമ്മറ്റി റിപ്പോർട്ട് പ്രകാരം ടെണ്ടറുകളിൽ പങ്കെടുത്ത ഗുണനിലവാരമില്ലാത്ത നേഴ്സറികളെ/കക്ഷികളെ ഇ-ഓക്ഷനിലും (ഇ-ടെണ്ടറിൽ പങ്കെടുത്തവർ), തുടർന്നുള്ള ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ്.

19. ഇ- ഓക്ഷൻറെ സമയം, തീയതി എന്നീവ യോഗ്യരായ കക്ഷികളെ ഇ- ടെണ്ടർ പോർട്ടലിലൂടെയും, ഇ- മെയിലിലൂടെയും, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ എസ്.എം.എസ് മുഖേനയും അറിയിക്കുന്നതാണ്. നാൽപ്പത്തിയഞ്ച് മിനിട്ടായിരിക്കും ലേല സമയം.

20. സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്ന കക്ഷികൾ, അവരുടെ ടെണ്ടർ രണ്ട് വ്യത്യസ്ത സീൽഡ് കവറുകളിൽ നൽകേണ്ടതാണ്. അതായത് <u>കവർ നം.1- മുദ്രവെച്ച ഡോക്യുമെന്റ് കവർ എന്ന ശീർഷകത്തിലും:</u> ടി കവറിനകത്ത് ഒപ്പുവച്ച ടെണ്ടർ ഡോക്യുമെന്റുകളും, ഇ.എം.ഡി. തുകയുടെ ഒറിജിനൽ ഡിമാൻഡ് ഡ്രാഫ്റ്റും, ടെണ്ടർ ഫോമിന്റെ വില അടച്ച രേഖയും മറ്റ് ബന്ധപ്പെട്ട രേഖകളും ആണ് അടക്കം ചെയ്യേണ്ടത്. <u>കവർ നം.2- വില രേഖപ്പെടുത്തിയ കവർ എന്ന ശീർഷകത്തിലും:</u> വാഗ്ദാനം ചെയ്തതൈകളുടെ വില രേഖപ്പെടുത്തിയ ഭാഗം സീൽ ചെയ്ത് ടി കവറിൽ

അടക്കം ചെയ്യണം. **മേൽ പറഞ്ഞവ മുദ്രവെച്ച കവറിൽ 12.02.2026 തീയതിയ്ക്ക് 11.30am ന് മുൻപായി മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, മുട്ടമ്പലം പി.ഓ., കോട്ടയം** -04 **എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.**

21. ഇ- ടെണ്ടർ വഴി നിരക്കുകൾ രേഖപ്പെടുത്തി തൈകൾ വിതരണം ചെയ്യാൻ താത്പര്യപ്പെടുന്ന നേഴ്സറി/കരാറുകാരൻ ടെണ്ടർ കണ്ടീഷന്റെ എല്ലാ പേജുകളിലും ഒപ്പ് വച്ചതിന്റെയും, E.M.D തുകയുടെ ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻ കോപ്പി ഇ ടെണ്ടറിൽ നിരക്കുകൾ സമർപ്പിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷന്റെയും, E.M.D. യുടെയും ഒറിജിനൽ (നിരക്കുകൾ രേഖപ്പെടുത്തിയ ഭാഗം ഒഴികെ) ഒട്ടിച്ച കവറിൽ റബ്ബർ തൈകൾക്കായുള്ള ഇ- ടെണ്ടർ രേഖകൾ എന്ന ശീർഷകത്തിൽ 12.02.2026 തീയതിയ്ക്കു 5.00PM ന് മുൻപായി കോർപ്പറേഷന്റെ കോട്ടയത്തുള്ള ഹെഡ്ഡ് ഓഫീസിലെ പർചെയ്സ് ഡിപ്പാർട്മെന്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ദി മാനേജർ (കൊമേഴ്സ്യൽ), **പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം** -04 (**9496076007**)/website: www.pcklimited.in.

Sd/-

**കോട്ടയം** **മാനേജിംഗ് ഡയറക്ടർ**

22.01.2026

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാലിമിറ്റഡ്

രജി.ഓഫീസ് - കോട്ടയം - 686004

## ടെണ്ടർ ഫോം

**റൂട്ട് ട്രയിനർ റബ്ബർ തൈകളുടെ നിരക്ക് രേഖപ്പെടുത്തേണ്ടതാണ്**

**എസ്റ്റേറ്റിന്റെ പേര്: അതിരപ്പള്ളി**

| ഇനം | ക്ളോൺ RRII 430 | | |
|---|---|---|---|
| | ആവശ്യമുള്ള തൈകളുടെ എണ്ണം | വാഗ്ദാനം ചെയ്യുന്ന തൈകളുടെ എണ്ണം | ഒരു തൈയുടെ നിരക്ക് (മറ്റ് ചാർജ്ജുകൾ ഉൾപ്പെടെ) Rs. (കപ്പിന്റെ വില കിഴിച്ചുള്ള അന്തിമനിരക്ക് |
| **റൂട്ട് ട്രെയിനർ** തൈകളുടെ നിരക്ക് | 63340 | | |
| | | | |

| | |
|---|---|
| Name and Address | |
| GST Number of the Tenderer | |
| Details of EMD | |
| Telephone No. & Fax No. | |
| E-mail ID | |
| Date | |

മുകളിൽ രേഖപ്പെടുത്തിയ ടെണ്ടർ വ്യവസ്ഥകൾ വായിച്ച് അംഗീകരിച്ച് ഒപ്പ് വെച്ചിരിക്കുന്നു.

**കരാറുകാരന്റെ ഒപ്പ്**